ആളുകളുടെ സേവനം ഉപയോഗപ്പെടുത്തി ജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ആലുവ സെന്റ് മേരിസ് ഹൈസ്കൂളിന് സമീപം മാഞ്ഞൂരാൻ വീട്ടിൽ താമസിച്ചിരുന്ന അഗസ്റ്റിൻ, ഭാര്യ മേരി, മകൾ ദിവ്യ, മകൻ ജോസ്മോൻ, അഗസ്റ്റിന്റെ അമ്മ ക്ലാര, സഹോദരി കൊച്ചുറാണി എന്നീ ആറുപേരെ 6-1-2001 രാത്രിയിൽ അവർ താമസിച്ചിരുന്ന വീട്ടിൽവച്ച് ആരോ വെട്ടിക്കൊലപ്പെടുത്തി. ഇതു സംബന്ധിച്ച് ക്രൈം 15/2001 -ാം നമ്പരായി ആലുവ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഐ. ജി. പി. സൗത്ത് സോൺ, ഡി. ഐ. ജി., ജില്ലാ പോലീസ് സൂപ്രണ്ട്, എറണാകുളം സിറ്റി പോലീസ് കമ്മീഷണർ എന്നിവരുൾപ്പെടെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിച്ചു. അന്വേഷണത്തിന്, ഫോറൻസിക് സയൻസ് ലാബിലെ രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാർ, സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർ എന്നിവരുടെയും പോലീസ് നായയുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാല് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ, ഏഴ് സബ് ഇൻസ്പെക്ടർമാർ, നാല് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ തുടങ്ങി 33 പേർ അടങ്ങുന്ന ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് കേസ് അന്വേഷണം ഊർജ്ജിതമാക്കി. അന്വേഷണത്തിൽ, മരണപ്പെട്ട അഗസ്റ്റിന്റെ അടുത്ത ബന്ധുവായ ആലുവ മാഞ്ഞൂരാൻ വീട്ടിൽ താമസം ആന്റപ്പൻ എന്നുവിളിക്കുന്ന ആന്റണിയാണ് ഇവരെ കൊലപ്പെടുത്തിയതെന്ന് കണ്ട് 18-1-2001 -ന് ആന്റണിയെ അറസ്റ്റ് ചെയ്തു. കൊലപാതകത്തിന് ഉപയോഗിച്ച സ്റ്റൂൾ, കൊരണ്ടി, എന്നിവ പ്രതിയിൽനിന്നും കണ്ടെടുക്കുകയും പ്രതിയെ കൂടുതൽ അന്വേഷണത്തിനായി 28-2-2001 വരെ പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്തിട്ടുമുണ്ട്. തുടർന്നും കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നു.

(6) നാളികേര കർഷകർ നടത്തുന്ന സമരം

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ കർഷകർ നടത്തിവരുന്ന നിരന്തരമായ സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും, 14 ജില്ലകളിലും ഉള്ള അയ്യായിരത്തിലധികം വരുന്ന നാളികേര കർഷകർ കേന്ദ്ര ഗവൺമെന്റിന്റെ ഓഫീസുകളായ ആർ. എം. എസിനുമുമ്പിലും റയിൽവേ സ്റ്റേഷനുമുമ്പിലും ഇന്നലെ വൈകുന്നേരം അഞ്ചുമണിമുതൽ കൂട്ട ഉപവാസ സമരം നടത്തിവരുകയാണ്. ഉപവാസ സമരത്തിൽ പങ്കെടുത്ത് ഈ വിഷയം ഇവിടെ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ എത്തിയത്. കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഉന്നയിക്കാൻ ഇന്നലെ അനുവാദം തന്നിരുന്നു. പക്ഷേ പ്രതിപക്ഷം സഹകരിക്കാത്തതുകൊണ്ട് എനിക്ക് അത് ഉന്നയിക്കാൻ കഴിഞ്ഞില്ല. എങ്കിലും സബ്മിഷനായി ഈ പ്രശ്നം സഭയുടെ മുമ്പാകെ ഉന്നയിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖല ആകെ തകർന്നിരിക്കുകയാണ്. കൃഷിക്കാർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ രണ്ടു വർഷക്കാലം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

8000 കോടിയിൽ അധികം രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്. നാളികേരം, റബ്ബർ, കാപ്പി, അടയ്ക്ക എന്നിവ കൃഷിചെയ്യുന്ന കർഷകർക്കും പച്ചക്കറി കർഷകർക്കും അവർക്ക് ഉൽപന്നങ്ങൾക്ക് വില കിട്ടാത്തതിന്റെ ഫലമായി 8000- ത്തിലധികം കോടി രൂപ രണ്ടുവർഷംകൊണ്ട് നഷ്ടപ്പെട്ടിരിക്കുന്നു. അങ്ങനെ സംഭവിച്ചിട്ടുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയം മൂലമാണ്. ഇറക്കുമതി തീരുവ കുറച്ചതിന്റെ ഫലമായി ലോകവ്യാപാര കരാർ വ്യവസ്ഥകളനുസരിച്ച് 300 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്താവുന്നതാണ്. അങ്ങനെ വ്യവസ്ഥകൾ ഉണ്ടായിട്ടും ഇറക്കുമതി തീരുവ വെട്ടിക്കുറച്ച ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾ, നാളികേരം, സ്വാഭാവിക റബ്ബർ, പാൽ, പാലുൽപന്നങ്ങൾ, പച്ചക്കറി, മത്സ്യം എന്നിവ നമ്മുടെ മാർക്കറ്റിൽ വിറ്റഴിക്കാൻവേണ്ടിയുള്ള എല്ലാ സൗകര്യവും ചെയ്തു കൊടുത്തിരിക്കുകയാണ്. ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് കേരളത്തിലെ കർഷകരാണ്. ഒരു നാളികേരത്തിന് രണ്ടുവർഷം മുമ്പ് ആറ് രൂപയും ഏഴുരൂപയും കിട്ടിയിരുന്നതാണ്. ശരാശരി 571 കോടി നാളികേരമാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. ഇന്ന് രണ്ട് രൂപയ്ക്കുപോലും നാളികേരം വാങ്ങാൻ ആളില്ലാത്ത സ്ഥിതിയാണ് എന്നു പറഞ്ഞാൽ നാളികേര കർഷകന് ഒരു വർഷം 2500 കോടിയോളം രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയം മൂലമാണ്. അതിനെതിരായി സഭയുടെ പൊതു അഭിപ്രായം ഉയർന്നുവരണം. ഞങ്ങൾ ഈ പ്രക്ഷോഭവുമായി മുന്നോട്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമൊക്കെതന്നെ അവിടെ പോയി കൃഷിക്കാരെ അഭിവാദ്യം ചെയ്യുകയുണ്ടായി. ഈ സഭയിലെ എല്ലാ എം. എൽ. എ. മാരും ഈ സമരത്തെ പിന്തുണയ്ക്കണമെന്നും കൃഷിക്കാരുടെ വികാരം, സഭയുടെ വികാരമായി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സത്യൻ മൊകേരി ഉന്നയിച്ചത് വസ്തുതാപരമായ പ്രശ്നങ്ങളാണ്. നാളികേര കൃഷിയിൽ ഇൻഡ്യയിലെ ആകെ വിസ്തൃതിയുടെ 55 ശതമാനം നമ്മുടെ സംസ്ഥാനത്താണ്. നമ്മുടെ രാജ്യത്ത് ആകെ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 46 ശതമാനവും കേരളത്തിൽ നിന്നാണ്. കഴിഞ്ഞ പത്തു വർഷത്തെ നാളികേരത്തിന്റെ ശരാശരി വിലയെടുത്താൽ ഏറ്റവും കുറഞ്ഞവില ലഭ്യമാകുന്നത് ഇപ്പോഴാണ്. 1997 ഫെബ്രുവരിയിൽ ഒരു ക്വിന്റൽ വെളിച്ചെണ്ണയ്ക്ക് 6660 രൂപ വിലയുണ്ടായിരുന്നു. ഇപ്പോൾ അത് 3000 രൂപയായി കുറഞ്ഞു. ഈ വിലക്കുറവിന്റെ പ്രധാനപ്പെട്ട കാരണം കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയവും അതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള ഇറക്കുമതി നയവുമാണ്. ആ ഇറക്കുമതി ഉദാരവൽക്കരിക്കപ്പെട്ടതിനെത്തുടർന്ന് വിദേശരാജ്യങ്ങളിൽ നിന്നും വിശേഷിച്ച് ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് നമ്മുടെ രാജ്യത്തേയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ വെളിച്ചെണ്ണയും നാളികേരപീരയും അരിത്തവിടും ഇറക്കുമതി ചെയ്തു. വെളിച്ചെണ്ണ ഉപയോഗിക്കേണ്ട വ്യവസായങ്ങൾക്കൊക്കെത്തന്നെ കുറഞ്ഞ ചെലവിൽ ഇറക്കുമതി ചെയ്യുന്ന നാളികേരപീരയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയും അരിത്തവിടിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന എണ്ണയുമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചു വരുന്നത്. നാളികേരത്തിന്റെ വിലത്തകർച്ച കാരണം ഉദ്ദേശം 2958 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം ഗാട്ട് കരാറിലോ വേൾഡ് ഓർഗനൈസേഷനുമായി ഉണ്ടായിട്ടുള്ള കരാറിനകത്തു നിന്നുകൊണ്ടോ പരമാവധി 300 ശതമാനമായി ഉയർത്താൻ കേന്ദ്ര ഗവൺമെന്റിനു അധികാരമുണ്ട്. അത് 300 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ എം. പി. മാർ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 300 ശതമാനമായി ഉയർത്തുന്നതിന് സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇതുവരെ കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറായിട്ടില്ല എന്നുള്ളതാണ് നാളികേര കൃഷിക്കാർ ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് പ്രധാന കാരണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയവും അതിനെ തുടർന്നുള്ള ഇറക്കുമതി നയവും മൂലം ഉണ്ടാകുന്ന ഈ സ്ഥിതിവിശേഷങ്ങൾ സംസ്ഥാന ഗവൺമെന്റിന് പരിഹരിക്കാൻ സാദ്ധ്യമല്ലായെന്നുള്ളത് എല്ലാപേർക്കും അറിയാം. എന്നാൽ സംസ്ഥാന ഗവൺമെന്റ് പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുമുണ്ട്.

(7) ദേവികുളം മണ്ഡലത്തിലെ ചില സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എ. കെ. മണി : സർ, ദേവികുളം നിയോജകമണ്ഡലത്തിൽപ്പെട്ട വട്ടവട, മറയൂർ, കാന്തല്ലൂർ എന്നീ മേഖലകളിൽ താമസിച്ചുവരുന്ന മലയർ സമുദായത്തിൽപ്പെട്ട ആളുകൾക്ക് കാലങ്ങളായി ട്രൈബൽ ആനുകൂല്യങ്ങൾ വാങ്ങിവരികയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുകയും ആ സമുദായത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുകയും ചെയ്യുകയാണ്. ഏതെങ്കിലും ഒരു ജാതിയുടെ പേര് പറയണ്ടേ ? ഈ രാജ്യത്ത് എല്ലാ സമൂഹത്തിനും ജാതിയുണ്ട്. പട്ടിക്കുഞ്ഞുങ്ങൾക്കുപോലും ജാതിയുണ്ട്. അൾസേഷ്യൻ, കൊമ്പേറി എന്നൊക്കെ പട്ടിക്കുഞ്ഞുങ്ങൾക്ക് ജാതിയുണ്ട്. ഈ സമുദായത്തിൽപ്പെട്ട ആളുകൾക്ക് ഇതുവരെ ജാതി സർട്ടിഫിക്കറ്റ് നൽകാൻ തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ഈ സമുദായത്തിൽപ്പെട്ട കുട്ടികളെ സ്കൂളിൽ ചേർക്കുന്ന കാര്യത്തിലും അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വാങ്ങിക്കുന്ന കാര്യത്തിലും വളരെയധികം ബുദ്ധിമുട്ടുകയാണ്. ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നീ താലൂക്കുകളിലുള്ള മലയൻ കമ്മ്യൂണിറ്റിയിൽപ്പെട്ടവർ ഈ മേഖലയിൽ കുടിയേറിയിട്ട് 200 വർഷത്തോളം ആയതാണ്. അവർ ആ മേഖലയിൽത്തന്നെയാണ് താമസം. ആ ജാതിയിൽപെടുന്ന ആളുകൾക്ക് തമിഴ്നാട്ടിൽ പല ആനുകൂല്യങ്ങളും കിട്ടികൊണ്ടിരിക്കുകയാണ്. ആ ആനുകൂല്യങ്ങൾ കേരളത്തിലും കിട്ടണമെന്നുള്ളതാണ് എന്റെ ആവശ്യം. ഈ രണ്ട് സമുദായത്തിൽപ്പെട്ട ആളുകൾക്കും ജാതി സർട്ടിഫിക്കറ്റ് കൊടുക്കുകയും ഗവൺമെന്റിൽ നിന്ന് കിട്ടാനുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly